# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം
2013 ഏപ്രില്‍ 10, ബുധന്‍
നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങള്‍
(ആകെ ചോദ്യങ്ങള്‍– 186)

| മറുപടി നല്‍കുന്ന മന്ത്രിമാര്‍ | ചോദ്യനമ്പര്‍ |
|---|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പു മന്ത്രി | 3499 മുതല്‍ 3555 വരെ |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | 3556 മുതല്‍ 3578 വരെ |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | 3579 മുതല്‍ 3630 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി | 3631 മുതല്‍ 3684 വരെ |

## സംസ്ഥാനത്തെ പദ്ധതിച്ചെലവ്

3499 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് 2013 മാര്‍ച്ച് 31 വരെ എത്ര ശതമാനമായിരുന്നു പദ്ധതിച്ചെലവ് എന്നു വിശദമാക്കുമോ;

(ബി) 2012–13–ല്‍ തദ്ദേശസ്ഥാപനങ്ങള്‍ക്ക് എത്ര തുകയാണ് വകയിരുത്തിയതെന്ന് അറിയിക്കുമോ;

(സി) ഇതില്‍, 2013 മാര്‍ച്ച് 31 വരെ എത്ര ശതമാനം ചെലവഴിച്ചുവെന്ന് ജില്ലതിരിച്ചു വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

<u>ഗ്രാമവികസനം സാദ്ധ്യമാക്കുന്നതിനു പദ്ധതി</u>

3500 ശ്രീ. എം. ഉമ്മർ
,, സി. മമ്മൂട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണമേഖലയുടെ തനതുജീവിതശൈലി നിലനിർനnÀ¯ns¡ാണ്ടു ഗ്രാമവികസനം സാദ്ധ്യമാക്കുന്നതിന് ഗ്രാമീണയുവജനങ്ങളെ സജ്ജമാക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഗ്രാമപ്രദേശങ്ങളുടെ പരിസ്ഥിതിസംരക്ഷണം, സമഗ്രവികസനം എന്നിവയിൽ തദ്ദേശവാസികളായ യുവജനങ്ങളുടെ പങ്കാളിത്തത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്ന ഒരു പുതിയ വികസനമാർഗ്ഗം സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി ഗ്രാമീണമേഖലയിലെ തൊഴിൽരഹിതരായ അഭ്യസ്തവിദ്യരും, തൊഴിൽരഹിതവേതനം പറ്റുന്നവരുമായ യുവജനങ്ങളുടെ വിവരശേഖരണം നടത്തുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

ഗ്രാമവികസന പദ്ധതികളിൽ കൂടുതൽ കേന്ദ്രഫണ്ട് ലഭ്യമാക്കാനും വിനിയോഗിക്കുവാനും പദ്ധതി

3501 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന പദ്ധതികളിൽ കൂടുതൽ കേന്ദ്രഫണ്ട് ലഭ്യമാക്കാനും വിനിയോഗിക്കുവാനും എം.എൽ.എ, എം.പി ഫണ്ടു വഴിയുള്ള പദ്ധതി പൂർണ്ണമായും നടപ്പിലാക്കാൻ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളിലാണ് ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ കഴിയുന്നതെന്ന് വിശദമാക്കുമോ;

(സി) ആയതിലേക്കായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

<u>ഗ്രാമവികസനവകുപ്പ് നടപ്പാക്കുന്ന കേന്ദ്രപദ്ധതികൾ</u>

3502 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസനവകുപ്പുവഴി സംസ്ഥാനത്തു നടപ്പാക്കുന്ന കേന്ദ്രപദ്ധതികൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾക്ക് 2011–12, 2012–13 വർഷങ്ങളിൽ ലഭിച്ച തുകയും, ചെലവഴിച്ച തുകയും എത്രയെന്നു വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും കേന്ദ്രപദ്ധതികൾ സംസ്ഥാനത്ത് ആരംഭിക്കാതെയുണ്ടെങ്കിൽ ആ പദ്ധതി ഏതെന്നും ആരം ഭിക്കാത്തതിനുളള കാരണമെന്തെന്നും വിശദമാക്കുമോ;

(ഡി) 100% തുകയും ചെലവഴിച്ച കേന്ദ്രപദ്ധതി ഉണ്ടെങ്കിൽ അത് ഏതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

'ഇന്ദിരാ ആവാസ് യോജന' പദ്ധതി

3503 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഇന്ദിരാ ആവാസ് യോജന' പദ്ധതി പ്രകാരം സംസ്ഥാനത്ത് 2011–12, 2012–13 സാമ്പത്തിക വർഷങ്ങളിൽ എത്ര പുതിയ വീടുകൾ നിർമ്മിച്ചുനൽകി;

(ബി) ഈ രണ്ട് സാമ്പത്തിക വർഷങ്ങളിലും പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് സംസ്ഥാന വിഹിതമായി ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്; ഇതിൽ എത്ര രൂപാ ചിലവഴിച്ചു;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതമായി എത്ര രൂപ വകയിരുത്തിയിരുന്നു; അതിൽ എത്ര രൂപാ ചിലവഴിച്ചു;

(ഡി) പ്രസ്തുത പദ്ധതിക്കായി കേന്ദ്ര വിഹിതമായി എത്ര രൂപ ലഭിച്ചുവെന്നും അതിൽ എത്ര രൂപാ ചിലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് ആർക്കൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ പദ്ധതി സംസ്ഥാനത്ത് വിജയകരമാണോയെന്നും അല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**10.04.2013-ലെ മറുപടിക്ക്**

<u>ഇന്ദിരാ ആവാസ് യോജന</u>

3504 **ശ്രീ. ഇ. പി. ജയരാജൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദുർബലവിഭാഗത്തിൽപ്പെട്ട ഭവനരഹിതരായവർക്ക് ഭവന നിർമ്മാണത്തിന് ഇന്ദിരാ ആവാസ് യോജനക്കായി 2011-2012 സാമ്പത്തികവർഷത്തിലും 2012-2013 സാമ്പത്തിക വർഷത്തിലും എത്ര തുക ഗ്രാമപഞ്ചായത്തുകൾ മുഖേന ലഭ്യമാകുമെന്നാണ് ഗവൺമെന്റ് വാഗ്ദാനം ചെയ്തതെന്നു വ്യക്തമാക്കുമോ;

(ബി) 2011-2012 ൽ എത്ര തുക ഇതു പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയെന്നും 2012-2013 ൽ എത്ര തുക നൽകിയെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 2012 സെപ്തംബർ 18 ന് തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് ലഭ്യമാക്കുമോ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തന്നെ കണ്ടെത്തണമെന്ന് അറിയിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ഇന്ദിരാ ആവാസ് യോജനയിൽ തൊഴിലുറപ്പ് പദ്ധതി</u>

3505 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത ഭവന നിർമ്മാണ പദ്ധതിയായ ഇന്ദിരാ ആവാസ് യോജന പ്രകാരമുളള ഭവന നിർമ്മാണത്തിന് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏതെങ്കിലും പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിന് കഴിയുമോ;

(ബി) എങ്കിൽ പ്രവൃത്തി എന്താണെന്നും എത്ര തൊഴിലാളികളുടെ എത്ര ദിവസത്തെ പ്രവർത്തനമാണ് നടത്താൻ കഴിയുകയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>വൈക്കം നിയോജകമണ്ഡലത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ പ്രവർത്തനപുരോഗതി</u>

3506 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി ആരംഭിച്ചതിനുശേഷം വൈക്കം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി ഓരോവർഷവും എത്ര തുക വീതം ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ;

(ബി) ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി ആരംഭിച്ചതിനുശേഷം ഏതെല്ലാം മേഖലകളിൽ പദ്ധതിയുടെ പ്രയോജനം ലഭിച്ചുവെന്നു വ്യക്തമാക്കുമോ;

(സി) ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി പ്രകാരം വൈക്കം നിയോജകമണ്ഡലത്തിലെ കാർഷികമേഖലയിൽ തൊഴിൽ നൽകിയതുമായി ബന്ധപ്പെട്ട് എന്തു തുക ചെലവഴിച്ചുവെന്നും, ഇതുവഴി മുൻവർഷങ്ങളിൽ നിന്നും ഈ മേഖലയിൽ എന്തു വളർച്ചയുണ്ടായെന്നും വെളിപ്പെടുത്തുമോ;

(ഡി) ദേശീയഗ്രാമീണതൊഴിലുറപ്പുപദ്ധതി ആരംഭിച്ചതിനു ശേഷം വൈക്കം നിയോജകമണ്ഡലത്തിൽ നാളികേരം, നെല്ല്, റബ്ബർ എന്നിവയുടെ ഉത്പാദനത്തിലുണ്ടായ വർദ്ധന പഞ്ചായത്തുതിരിച്ചു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റങ്ങൾ വരുത്താൻ നടപടി</u>

3507 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു; നാളിതുവരെയുള്ള കണക്ക് വാർഷികാടിസ്ഥാനത്തിൽ, ജില്ല തിരിച്ച് നൽകാമോ;

(ബി) തൊഴിലുറപ്പ് പദ്ധതി പ്രകാരം ഒരാൾക്ക് എത്ര തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിനാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്: ഇപ്പോൾ ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാവുന്നു; തൊഴിൽ ദിനങ്ങൾ വർധിപ്പിച്ചുനൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തിന്റെ പ്രത്യേക പരിതസ്ഥിതിക്കനുസൃതമായി തൊഴിലുറപ്പ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ നൽകിവരുന്ന വേതനം വർദ്ധിപ്പിച്ചുനൽകണമെന്ന തൊഴിലാളികളുടെ അപേക്ഷ ശ്രദ്ധയിലുണ്ടോ; എങ്കിൽ എത്രയായി വർധിപ്പിച്ചു നൽകുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

**തൊഴിലുറപ്പുപദ്ധതിയിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനുള്ള സംവിധാനം**

3508 ശ്രീ. സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പുപദ്ധതിയിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ;

(ബി) ക്രമക്കേടുകൾ കണ്ടെത്തുന്നതിനായി മോഡൽ സോഷ്യൽ ഓഡിറ്റ് സമ്പ്രദായം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുതസംവിധാനത്തിന്റെ പ്രവർത്തനരീതി വിശദമാക്കുമോ;

(ഡി) എവിടെയൊക്കെയാണ് പ്രസ്തുതസമ്പ്രദായം നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?

## കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ഐ.എ.വൈ പദ്ധതി</u>

3509 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ അധിക സഹായം പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ പട്ടികജാതി, പട്ടികവർഗ്ഗ ജനറൽ വിഭാഗം എന്നീ ഇനങ്ങളിൽ എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) അധിക സഹായം കണ്ടെത്തുന്നതിന് പഞ്ചായത്തുകൾക്ക് ലോൺ എടുക്കുന്നതിന്അനുമതി നൽകിയിട്ടുണ്ടോ എന്നും, എത്ര തുക വീതം ലോൺ എടുക്കാൻ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>ഐ. എ. വൈ. ഗുണഭോക്തൃ ലിസ്റ്റ്</u>

3510 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.എ.വൈ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുളളവർ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുളള ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടാത്തത് മൂലം അവർക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

എം. ജി. എന്‍. ആര്‍. ഇ. എ പ്രവര്‍ത്തന മാര്‍ഗ്ഗനിര്‍ദ്ദേശം - 2013

3511 ശ്രീ. വി. എസ്. സുനില്‍ കുമാര്‍
ശ്രീമതി ഗീത ഗോപി
ശ്രീ. ഇ. കെ. വിജയന്‍
,, പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമീണ വികസന വകുപ്പ് എം.ജി.എന്‍.ആര്‍.ഇ പ്രവര്‍ത്തന മാര്‍ഗ്ഗനിര്‍ദ്ദേശം -2013 പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കില്‍ ഏറ്റെടുക്കാന്‍ പാടില്ലാത്ത പ്രവര്‍ത്തികളുടെ പട്ടികയില്‍ ഉള്‍പ്പെട്ടിട്ടുള്ളവ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) നെല്‍കൃഷിയും ഭൂവികസനവും പ്രസ്തുത പദ്ധതിയില്‍ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; എങ്കില്‍ അതിനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) കയര്‍ മേഖലയേയും കൈത്തറിമേഖലയേയും പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്തണമെന്ന ആവശ്യത്തിന്‍മേല്‍ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

എൻ. ആർ. ഇ. ജി. എസ്. കാര്യക്ഷമമാക്കാൻ പദ്ധതി

3512 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. ഇ. ജി. എസ്. കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നത്;

(ബി) പദ്ധതിയിൻകീഴിൽ വർഷത്തിൽ ഒരാൾക്ക് എത്ര ദിവസത്തെ തൊഴിലവസരങ്ങളാണ് നൽകാൻ ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കുന്നതിന് എത്ര കോടി രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള ചെലവ് ഇരട്ടിയാക്കൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>എച്ച്.എ.ഡി.എ പദ്ധതി പ്രകാരം അനുവദിച്ച തുക</u>

3513 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ എച്ച്.എ.ഡി.എ പദ്ധതി പ്രകാരം തുക അനുവദിച്ചുവെന്നുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) എച്ച്.എ.ഡി.എ പദ്ധതി പ്രകാരം അനുവദിച്ച തുകയുടെ ജില്ല, മണ്ഡലം, പഞ്ചായത്ത് എന്നിവ തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(സി) 2012-2013-ൽ പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച തുക നൽകിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

പി.എം.ജി.എസ്.വൈ പദ്ധതി

3514 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ യിൽ സംസ്ഥാനം സമർപ്പിച്ച ഗ്രാമീണ റോഡുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എത്ര കിലോമീറ്റർ റോഡിനാണ് അനുമതി നൽകിയതെന്ന് വിശദമാക്കുമോ;

(സി) റോഡുകളുടെ നിർമ്മാണത്തിന് എന്ത് തുകയാണ് സഹായമായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിയനുസരിച്ചുള്ള റോഡ് നിർമ്മാണം എന്നാരംഭിക്കാൻ കഴിയും എന്ന് വിശദമാക്കുമോ;

(ഇ) ഈ പദ്ധതിയുടെ 2-ാം ഘട്ടത്തിൽ സംസ്ഥാനത്തിന് പുതുതായി റോഡുകൾ അനുവദിക്കുന്ന കാര്യം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് എന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ</u>

3515 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ മണ്ഡലത്തിൽ പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജനയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുനിർമ്മാണങ്ങൾ ഏതെല്ലാം;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര കിലോമീറ്റർ റോഡുകൾക്കാണ് പി.എം.ജി.എസ്.വൈ. പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ;

(സി) പ്രസ്തുതപദ്ധതിക്കായി ഓരോ റോഡിനും എത്ര രൂപയാണു വകയിരുത്തിയിട്ടുള്ളതെന്നു വിശദീകരിക്കുമോ;

(ഡി) ഭരണാനുമതി ലഭിച്ച് പണിപൂർത്തിയായ പ്രവൃത്തികൾ ഏതെല്ലാം; പണി തുടർന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാം; ഭരണാനുമതി ലഭിച്ചിട്ടും പണിയാരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാം;

(ഇ) 2012-13 വർഷത്തിൽ അമ്പലപ്പുഴ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ.യിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച നിർമ്മാണപ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

വാമനപുരം മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതി

3516 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പണിയാരംഭിച്ച ഏതെങ്കിലും റോഡുകൾ വനം വകുപ്പിന്റേയോ മറ്റേതെങ്കിലും തടസ്സങ്ങൾ കാരണമോ പണി പൂർത്തിയാക്കാൻ കഴിയാത്തതായിട്ടുണ്ടോ;

(ബി) എങ്കിൽ, പ്രസ്തുതതടസ്സം നീക്കി അടിയന്തിരമായി പണി പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണു സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

<u>എം. ജി. എൻ. ആർ. ഇ.ജി പദ്ധതി</u>

3517 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. ജി. എൻ.ആർ. ഇ.ജി പദ്ധതി പ്രകാരം സാധന സാമഗ്രികൾ ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇതു വഴി കൃഷിക്കും, അനുബന്ധ മേഖലയിൽ ഉൽപ്പാദനവും വരുമാനദായകവുമായ ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ എത്ര മാത്രം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(സി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതി</u>

3518 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തി കോട്ടയം ജില്ലയിലെ ഏതെല്ലാം റോഡുകളുടെ പുനരുദ്ധാരണത്തിന് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ വൈക്കം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന റോഡുകൾ ഏതൊക്കെയെന്നും ഒരോ റോഡിനും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ വർഷം എത്ര തുക കോട്ടയം ജില്ലയിൽ ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നു എന്നും വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

3519 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനും തോടുകളുടെ സംരക്ഷണത്തിനും നിലവിലുളള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയെന്നും ഒരോ പദ്ധതിയിലും പ്രോജക്ടുകൾ സമർപ്പിക്കുന്നതിന്റെ മാനദണ്ഡമെന്തെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

ലാന്റ് യൂസ് ബോർഡിന്റെ പ്രവർത്തനം

3520

ശ്രീ. വർക്കല കഹാർ
,, എ. റ്റി. ജോർജ്
,, എം. പി. വിൻസന്റ്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാന്റ് യൂസ് ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്;

(ബി) പ്രസ്തുത ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്പെഷ്യൽ ഡാറ്റാ ബെയ്സ് തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പരിസ്ഥിതി പരിപാലനത്തെക്കുറിച്ച് എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്തനിംഗ് പ്രോഗ്രാം</u>

3521

ശ്രീ. സണ്ണി ജോസഫ്
,, ഐ. സി. ബാലകൃഷ്ണൻ
,, പാലോട് രവി
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്തനിംഗ് പ്രോഗ്രാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>ഗ്രാമസഭാ ലിസ്റ്റിനെ മറികടന്നു നൽകുന്ന ആനുകൂല്യങ്ങൾ</u>

3522 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകൾ നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ ഗ്രാമസഭാ ലിസ്റ്റിനെ മറികടന്ന് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

<u>തിരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>

3523 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 2011–12, 2012–13 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) 2013–14 വർഷത്തിൽ തിരൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയും, സംസ്ഥാന സർക്കാർ പദ്ധതിയും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ നടപ്പു പദ്ധതികൾ ഒന്നും ഇല്ലെങ്കിൽ അവ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

## ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി

3524

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി വഴി സംസ്ഥാനത്തെ എത്ര പ്രവർത്തികൾ ആരംഭിക്കുന്നതിനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്;

(ബി) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പ്രവർത്തികളാണ് ഹിൽ ഏരിയ ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഓരോ പ്രവർത്തിക്കും എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവർത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>കൊട്ടാരക്കര മണ്ഡലത്തിലെ ബി.പി.എൽ കുടുംബങ്ങൾ</u>

3525 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന ബി.പി. എൽ കുടുംബങ്ങളുടെ എണ്ണം ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ എത്ര കുടുംബങ്ങളെ ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തിയെന്നും എത്ര കുടുംബങ്ങളെ പ്രസ്തുത പട്ടികയിൽ നിന്നും ഒഴിവാക്കിയെന്നുമുള്ള വിവരം പഞ്ചായത്തുകൾ തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>മിൽക്ക് ഫെഡ് വിപണന പദ്ധതി</u>

3526

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിൽക്ക് ഫെഡ് വിപണന പദ്ധതിയ്ക്കായി 2012-13 ലെ ബജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുക വഴിയുണ്ടായ ഭൗതിക നേട്ടം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത</u>

3527 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷീര മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാനത്ത് 35 കോടി രൂപാ വിനിയോഗിക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്ക്കരിക്കപ്പെട്ട വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ പദ്ധതികൾക്കായി ഈ വർഷത്തേക്ക് വകയിരുത്തിയ തുകയെത്രയെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുകയെത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ നടപ്പാക്കൽ വഴി പാലിന്റെ ഉൽപ്പാദനത്തിലുണ്ടായ വർദ്ധനവ് എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ക്ഷീര സഹകരണസംഘങ്ങൾ ശക്തിപ്പെടുത്താനായി വകയിരുത്തിയ തുക</u>

3528 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര സഷകരണ സംഘങ്ങൾ ശക്തിപ്പെടുത്താനായി ബഡ്ജറ്റിൽ വകയിരുത്തിയ 13 കോടി രൂപയിൽ നാളിതുവരെ എത്രകോടി രൂപ ചെലവഴിച്ചു;

(ബി) ഈ തുക പ്രസ്തുത മേഖലയിൽ എന്തൊക്കെ പരിപാടികൾക്കായാണ് വകയിരുത്തപ്പെട്ടത്; ഇതിൽ ഏതൊക്കെ പരിപാടികൾ നടപ്പാക്കി; ഓരോ പരിപാടിക്കുമുണ്ടായ ചെലവ് എത്ര?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

**<u>ക്ഷീരകർഷകരുടെ എണ്ണത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന കുറവ് പരിഹരിക്കാൻ പദ്ധതി</u>**

3529 ശ്രീ. കെ.കെ. ജയചന്ദ്രൻ
,, ജെയിംസ് മാത്യൂ
,, ബി.ഡി. ദേവസ്സി
ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാൽ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തതയിലേക്ക് ഉയരാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ആ ദിശയിലുള്ള എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ക്ഷീര കർഷകരുടെ എണ്ണത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ശോഷണം തടയാൻ എന്തെങ്കിലും കർമ്മ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത മേഖലയിലെ വിവിധ ഏജൻസികളുടെ ഏകോപനത്തിനായി എന്തു നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>പാൽ ഉല്പന്നങ്ങളുടെ ഇറക്കുമതി</u>

3530 ശ്രീ.കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്ഷീര കർഷകർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പാലുല്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര സർക്കാർ യൂറോപ്യൻ യൂണിയനുമായി കരാർ ഏർപ്പെടാൻ തിരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ക്ഷീര കർഷകരെ ഗുരുതരമായി ബാധിക്കുന്ന ഈ പ്രശ്നത്തെ സംബന്ധിച്ച് കേന്ദ്ര സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>പാലിന്റെ ഗുണമേൻമ</u>

3531 ശ്രീ. വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ
,, വി. ശശി
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലിന്റെ ഗുണമേൻമ ഉറപ്പാക്കുന്നതിനുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പാല് കേട് കൂടാതെ സൂക്ഷിക്കുന്നതിന്, ആരോഗ്യത്തിന് ഹാനികരമായ ചില വസ്തുക്കൾ ചേർക്കുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് കണ്ടുപിടിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ബുക്ക് മാർക്കുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ</u>

3532 ശ്രീ. എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബുക്ക് മാർക്കുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം തരം പുസ്തകങ്ങളാണ് ഇതുവഴി വിറ്റഴിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും വിദ്യാലയങ്ങൾക്കും മറ്റ് സർക്കാർ സ്ഥാപനങ്ങൾക്കും ആവശ്യമുള്ള പുസ്തകങ്ങൾ ഇതുവഴി വാങ്ങുവാൻ ആലോചിക്കുമോ;

(ഡി) ആയതിലേയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

''കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ'' വികസന പ്രവർത്തനങ്ങൾ

3533 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ സാംസ്കാരിക കേന്ദ്രമായ '' കുഞ്ചൻ നമ്പ്യാർ സ്മാരകത്തിൽ'' എന്തു തുകയുടെ വികസന പ്രവർത്തനങ്ങൾ 2006-2011 കാലഘട്ടത്തിൽ നടപ്പിൽ വരുത്തി; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ എന്തു തുക ഗ്രാന്റായി നൽകിയിരുന്നു; ആയത് എന്തെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചു; വ്യക്തമാക്കാമോ;

(സി) 01/07/2011 മുതൽ 28/02/2013 വരെയുള്ള കാലത്ത് എന്തു തുകയുടെ ധനസഹായം അനുവദിച്ചു; ആയത് എങ്ങനെ വിനിയോഗിച്ചു; വ്യക്തമാക്കുമോ;

(ഡി) സ്മാരകത്തിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ഒ. വി. വിജയന്റെ പ്രതിമ തകർത്ത സംഭവം</u>

3534 ശ്രീ.എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യത്തിന്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കോട്ടയ്ക്കൽ രാജാസ് ഹൈസ്കൂളിൽ സ്ഥാപിച്ച പ്രശസ്ത സാഹിത്യകാരൻ ഒ. വി. വിജയന്റെ തകർക്കപ്പെട്ട പ്രതിമ പൂർവ്വസ്ഥിതിയിലാക്കുന്നതിനു വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**10.04.2013-ലെ മറുപടിക്ക്**

<u>പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനായുള്ള പദ്ധതി</u>

T. 3535 ശ്രീ. വർക്കല കഹാർ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനും അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദേശിക്കുന്നത് ; വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) എന്തെല്ലാം കേന്ദ്രസഹായമാണ് പദ്ധതിക്ക് ലഭിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>നയപരിപാടികളെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള പൊതുജനാഭിപ്രായം</u>

3536 ശ്രീ. കെ. ശിവദാസൻ നായർ
'' വി.റ്റി. ബൽറാം
'' എ. റ്റി. ജോർജ്
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നയപരിപാടികളെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള പൊതുജനാഭിപ്രായം ആരായാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അഭിപ്രായങ്ങൾ ക്രോഡീകരിച്ച് സമർപ്പിക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോയെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളെയാണ് ഈ പദ്ധതിയ്ക്കുവേണ്ടി സഹകരിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

വെബ് അധിഷ്ഠിത വാർത്താ വിതരണ സംവിധാനം

3537 ശ്രീ. സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, പാലോട് രവി
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലോക്ക് തലത്തിൽ വെബ് അധിഷ്ഠിത വാർത്താ വിതരണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംവിധാനത്തിനാവശ്യമായ മനുഷ്യവിഭവശേഷി എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>കേരള സർക്കാരിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം</u>

3538 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'ജനപഥ'ത്തിന് രജിസ്ട്രേഷൻ നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ രജിസ്ട്രേഷൻ നഷ്ടപ്പെടുവാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ മുഖമാസികയ്ക്ക് ഈ ദുരേവ്യാഗം സംഭവിച്ചത് സർക്കാരിന് ക്ഷീണം ഉണ്ടാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എത്ര വർഷത്തെ ചരിത്രമുണ്ട് 'ജനപഥ'ത്തിന്;

(ഇ) ഇനി സർക്കാരിന്റെ ഔദ്യോഗിക പ്രസിദ്ധീകരണത്തിന് എപ്രകാരമുള്ള പേരാണ് നിർദ്ദേശിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ബിസിനസ്സ് സെന്റർ</u>

3539

ശ്രീ. ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി ബിസിനസ്സ് സെന്റർ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് പ്രവർത്തിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>പ്രവാസി പുനരധിവാസ പദ്ധതി</u>

3540 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസി പുനരധിവാസ പദ്ധതി ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് നടപ്പാക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പ്രവാസികൾക്ക് സഹായം നൽകിയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>പ്രവാസികൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ</u>

3541 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് സംസ്ഥാനസർക്കാർ മുഖാന്തിരം ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നു വിശദമാക്കുമോ;

(ബി) പ്രവാസികൾ വഴി കേരളത്തിലെത്തുന്ന വരുമാനം എത്രയെന്നു കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, എത്രയാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

## പ്രവാസികളുടെ പുനരധിവാസം

3542 ശ്രീ. ഇ. പി. ജയരാജന്‍
,, കെ. വി. അബ്ദുള്‍ ഖാദര്‍
,, പി. റ്റി. എ. റഹീം
,, ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോര്‍ക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മറുനാടുകളില്‍ നിന്നും തിരികെ വരുന്ന പ്രവാസികളുടെ എണ്ണത്തില്‍ വര്‍ദ്ധനയുണ്ടായിട്ടുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) തിരികെയെത്തുന്നവരുടെ പുനരധിവാസത്തിന് നോര്‍ക്ക മുഖാന്തിരം പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(സി) മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിന് 2012-13 ബജറ്റില്‍ വകയിരുത്തിയ തുക എത്രയായിരുന്നു; നിര്‍വ്വഹിക്കപ്പെട്ട പുനരധിവാസം എന്തായിരുന്നു; പ്രസ്തുത സ്കീമിനെക്കുറിച്ച് വിശദമാക്കാമോ;

(ഡി) മടങ്ങിയെത്തിയവരില്‍ പുനരധിവാസം ആവശ്യമായിട്ടുള്ള എല്ലാവര്‍ക്കും പദ്ധതി നടപ്പാക്കാന്‍ എന്തു തുക വേണ്ടിവരുമെന്ന് കണക്കാക്കുന്നു;

(ഇ) 2013-14 ല്‍ എന്തു തുകയുടെ ബജറ്റ് അടങ്കല്‍ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>തൊഴിൽ നഷ്ടപ്പെടുന്ന പ്രവാസികളുടെ പ്രശ്നങ്ങൾ</u>

3543 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പല ഗൾഫ് നാടുകളിലും ജോലിക്ക് സ്വദേശിവൽകരണം വിപുലമാക്കുന്നതോടെ പ്രസ്തുത രാജ്യങ്ങളിൽ തൊഴിൽ നേടിയ മലയാളികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ജോലി നഷ്ടപ്പെട്ട് മടങ്ങി വരുന്നവരെ സഹായിക്കാൻ പ്രവാസികാര്യ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>ഗൾഫ് നാടുകളിൽ സ്വദേശിവൽക്കരണം</u>

3544 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യ അടക്കമുള്ള ഗൾഫു നാടുകളിൽ സ്വദേശിവൽക്കരണം നടപ്പാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന മലയാളികളെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇവരുടെ പുനരധിവാസത്തിന് കേന്ദ്ര സർക്കാരിനോട് പ്രത്യേക പാക്കേജ് ആവശ്യപ്പെടുമോ ;

(ഡി) ഇക്കാര്യത്തിൽ എന്ത് മുൻകരുതലാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം

3545 ശ്രീ. ഇ. പി. ജയരാജൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം ശക്തിപ്പെട്ടിരിക്കുന്നതിനാൽ അവിടെ തൊഴിലെടുക്കുന്ന എട്ടുലക്ഷത്തോളം മലയാളികളുടെയും, കുടുംബാംഗങ്ങളുടെയും ആശങ്കയും; അവർ നാട്ടിലേക്ക് തിരികെ വന്നുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) `നിതാഖത്ത് സമ്പ്രദായം` ശക്തമാക്കിയതിനെത്തുടർന്ന്, സൗദി അറേബ്യയിലെ മലയാളികളായ ലക്ഷക്കണക്കിനാളുകൾ ദുരിതത്തിലായി കഴിയുന്ന പ്രത്യേക സാഹചര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(സി) സൗദി അറേബ്യയിലെ ഇപ്പോഴത്തെ സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെയും, നഷ്ടപ്പെടാനിടയുള്ളവരെയും സംബന്ധിച്ച കണക്കുകൾ നോർക്ക വകുപ്പിൽ ലഭ്യമായിട്ടുണ്ടോ ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>സൗദി അറേബ്യയിലെ സ്വദേശിവത്കരണം</u>

3546

ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിലെ തൊഴിൽ മേഖലയിൽ സ്വദേശീവത്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി തിരികെ വരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികളുടെ പുനരധിവാസത്തിനായി ഇക്കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ പണം നീക്കിവെച്ചിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗൾഫിൽ നിന്നും മടങ്ങിയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിന് അടിയന്തിരമായി ഒരു പാക്കേജ് നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(ഡി) സ്വദേശീവത്കരണത്തിന്റെ ഭാഗമായി സൗദിയിൽ ജോലി നഷ്ടപ്പെടുന്ന ഇന്ത്യാക്കാരുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനായി സൗദിയിലെ തൊഴിൽ മന്ത്രാലയവുമായി ചർച്ച നടത്തുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>സൗദി അറേബ്യയിലെ സ്വദേശിവത്ക്കരണം</u>

3547 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദിഅറേബ്യയിൽ സ്വദേശിവത്ക്കരണം കർശനമാക്കുന്ന നിതാഖാത്ത് നിയമം നടപ്പാക്കുന്നതുമൂലം എത്ര മലയാളികൾക്കു ജോലി നഷ്ടപ്പെടുമെന്നാണു കണക്കാക്കുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുതസാഹചര്യം ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

'നിതാഖാത്ത് സമ്പ്രദായം'

3548 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും**
**സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിൽ സ്വദേശിവത്ക്കരണത്തിനുള്ള 'നിതാഖാത്ത്' സമ്പ്രദായം ശക്തമാക്കിയതിനെതുടർന്ന് പ്രവാസിമലയാളികളുടെ ആശങ്ക വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആയതിന് അടിയന്തിരമായി പരിഹാരം കാണാനും പ്രവാസി മലയാളികളെ ആശങ്കയിൽ നിന്നും രക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

(സി) സൗദി അറേബ്യയിൽ നിലവിൽ ഏകദേശം എത്ര മലയാളിതൊഴിലാളികളാണുള്ളത്; ഇതിൽ ഏറ്റവും കൂടുതൽ എത് ജില്ലയിലുള്ളവരാണ്; എത്ര;

(ഡി) 'നിതാഖാത്ത് സമ്പ്രദായം' സൗദി അറേബ്യ ശക്തമാക്കിയതോടുകൂടി എത്ര മലയാളികൾ ഇതിനകം കേരളത്തിൽ വന്നുവെന്നാണ് കണക്കാക്കുന്നത്; ഇവരെ പുനരധിവസിപ്പിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

## സൗദി അറേബ്യയിലെ സ്വദേശിവൽക്കരണം

3549 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിലെ സ്വദേശിവൽക്കരണത്തെ തുടർന്ന് മലയാളികളായ പ്രവാസികളെ കൂട്ടത്തോടെ കേരളത്തിലേയ്ക്ക് മടക്കിവിടുന്നത് സംബന്ധിച്ച ആശങ്ക അകറ്റുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) സൗദി അറേബ്യയിലെ വിവിധ സ്റ്റേറ്റുകളിൽ എത്ര കേരളീയർ ജോലി ചെയ്യുന്നു; വിശദാംശം ലഭ്യമാക്കാമോ;

(സി) സൗദി അറേബ്യയിലെ സ്വദേശിവൽക്കരണം കാരണം മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഏകദേശം എത്ര പ്രവാസികൾ നാട്ടിൽ തിരിച്ചെത്തും എന്നാണ് പ്രതീക്ഷിക്കുന്നത്; തിരികെ കയറ്റിവിടുന്നവരെ സുരക്ഷിതമായി കേരളത്തിലെത്തിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>സൗദി അറേബ്യയിലെ തൊഴിൽപ്രശ്നം</u>

3550 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൗദി അറേബ്യയിൽ നടപ്പിലാക്കുന്ന നിതാഖാത് നിയമം കാരണം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേക്ക് മടങ്ങി വരുന്ന മലയാളികൾക്ക് നേരിടേണ്ടിവരുന്ന ജീവിത പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ സാമൂഹ്യ സാമ്പത്തിക മേഖലയിൽ വലിയ ആഘാതം സൃഷ്ടിക്കുന്ന ഈ പ്രശ്നത്തിൽ കേന്ദ്രതലത്തിൽ എന്തെല്ലാം ഇടപെടലുകൾ നടത്തി എന്ന് വിശദമാക്കാമോ;

(സി) ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് കേന്ദ്രത്തിന് കത്ത് നൽകിയിട്ടുണ്ടോ; കത്തിൽ പറഞ്ഞ കാര്യങ്ങൾ എന്തെല്ലാം; കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ ആശങ്കപ്പെടാനില്ല എന്ന കേന്ദ്ര പ്രവാസികാര്യ മന്ത്രിയുടെ പ്രസ്താവന സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(ഇ) ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന എത്ര മലയാളികൾ ഉണ്ട് എന്ന് വിശദമായി വ്യക്തമാക്കുന്ന കണക്കുകൾ സർക്കാരിന്റെ പക്കലുണ്ടോ;

(എഫ്) ഈ നിയമം കാരണം നാട്ടിലേക്ക് മടങ്ങി വരുന്നവരെ എപ്രകാരം പുനരധിവസിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

**<u>അറേബ്യൻ രാജ്യങ്ങളിലെ സ്വദേശിവൽക്കരണംമൂലം തൊഴിൽ നഷ്ടപ്പെടുന്നവരുടെ വിശദാംശം</u>**

3551

## ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അറേബ്യൻ രാജ്യങ്ങളിലെ ഓരോ രാജ്യത്തും എത്ര മലയാളികൾ തൊഴിലെടുക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം ശക്തമായതുവഴി സംസ്ഥാനത്തെ എത്ര മലയാളികൾക്ക് തൊഴിൽ നഷ്ടമാകുമെന്ന് വെളിപ്പെടുത്താമോ ;

(ഡി) തൊഴിൽ നഷ്ടമാകുകവഴി കേരളത്തിലെ എത്ര കുടുംബങ്ങളെ ആയത് ബാധിക്കും ; വിശദമാക്കാമോ ;

(ഇ) ആയത് കേരളത്തിന്റെ സമ്പദ്ഘടനയെ എങ്ങനെ ബാധിക്കുമെന്ന് വിശദീകരിക്കുമോ ;

(എഫ്) പ്രതിസന്ധി മറികടക്കാൻ സംസ്ഥാന - കേന്ദ്ര സർക്കാരുകൾ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

റിക്രൂട്ടിംഗ് ഏജൻസികൾ

3552 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന റിക്രൂട്ടിംഗ് ഏജൻസികളെല്ലാം നിയമവിധേയമായിട്ടാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന റിക്രൂട്ടിംഗ് എജൻസികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് ധാരാളം അനധികൃത റിക്രൂട്ടിംഗ് ഏജൻസികൾ പ്രവർത്തിക്കുന്നതും ഇതു കാരണം വിദേശത്ത് പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലേക്ക് റിക്രൂട്ട് ചെയ്യപ്പെടുന്നവർ അനുഭവിക്കുന്ന പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രവാസികളുടെ പ്രശ്നങ്ങൾ കണ്ടെത്തി അവരുടെ ക്ഷേമത്തിനായി മുൻ സർക്കാർ കൊണ്ടുവന്ന പാക്കേജ് നടപ്പിലാക്കുന്നതിൽ ഈ സർക്കാർ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>പ്രവാസികളെ ഗൾഫ് ജയിലുകളിൽ നിന്നും മോചിപ്പിക്കാൻ നടപടി</u>

3553 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോർക്ക വകുപ്പുമുഖേന 2012-13 കാലയളവിൽ എത്ര പ്രവാസികളെ ഗൾഫ് ജയിലുകളിൽ നിന്നും മോചിപ്പിച്ച് കേരളത്തിൽ എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്;

(ബി) ഇതിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ ഇപ്പോൾ നോർക്കയുടെ പരിഗണനയിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>മറുനാട്ടിൽ വച്ച് മരണമടയുന്ന മലയാളികളുടെ മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിന് കാലതാമസം</u>

3554 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മറുനാട്ടിൽ വച്ച് മരണമടയുന്ന മലയാളികളുടെ മൃതദേഹങ്ങൾ നാട്ടിൽ എത്തിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) മറുനാടൻ മലയാളികൾക്ക് ആപത്ഘട്ടങ്ങളിൽ അടിയന്തിര സഹായം, നിയമസംരക്ഷണം എന്നിവ കൂടുതൽ വിപുലമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>നോർക്കയിൽ ഡെപ്യൂട്ടേഷൻ നിയമനം</u>

3555

ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നോർക്കയിൽ എത്ര പേരെ ഡെപ്യൂട്ടേഷനിൽ നിയമിച്ചു; ഏതെല്ലാം തസ്തികകളിൽ; തസ്തികകളിൽ മാറ്റം വരുത്തി നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു തസ്തികയിലെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം നിയമനം ലഭിച്ചവർക്ക് ഈ കാലയളവിൽ ലഭിച്ച ആനുകൂല്യങ്ങൾ എന്തെല്ലാം; ഇതിനായി ആകെ ചെലവഴിച്ച തുക എത്ര;

(സി) നോർക്ക റൂട്ട്സിലെ ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളുമായി ഈ കാലയളവിൽ എന്തു തുക ചെലവഴിച്ചു;

(ഡി) നോർക്കയിലെ ഉദ്യോഗസ്ഥന്മാർ ഈ കാലയളവിൽ എത്ര വിമാനയാത്രകൾ നടത്തി; എന്ത് തുക ചെലവായി; പ്രസ്തുത തുക ഏത് അക്കൗണ്ടിൽ നിന്നാണ് നൽകുന്നത്; ഇതിൽ സി.ഇ.ഒ., ജനറൽ മാനേജർ എന്നിവർ നടത്തിയ വിമാനയാത്രകൾ എത്രയെന്ന് വ്യക്തമാക്കുമോ?